# അറിവിന്റെ നിറകുടം

little KITEs

# ഇതളുകൾ മറിയുമ്പോൾ


അച്ഛനുണ്ടായിരുന്നെങ്കിൽ ........................................ 5

भूल गया है क्यों इनसान ................................ 8

ഗണിത ക്വിസ്സ് ........................................ 9

ഒരോർമ്മ ........................................ 10

ഒരു നിമിഷം ........................................ 11

*The Golden River* ........................................ 13

മായാത്ത മുദ്രകൾ ........................ 16

Real Education ...................... 19

# മുഖമൊഴി....

പുതുവെളിച്ചം തേടിയുള്ള പ്രയാണത്തിൽ സെന്റ് ജോസഫ് ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഒരുക്കുന്ന ഈ അറിവിന്റെ നിറകുടം ഏവർക്കും നല്ല ഓർമകളുടെ നിറചാർത്തായി മാറട്ടെ. പുതിയ തലമുറയിലേക്ക് ചുവടുകൾ വെക്കുന്ന കുരുന്നു മക്കൾക്ക് നൽകുന്ന സമ്മാനമാവട്ടെ.

അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഹൈടെക്ക് വിസ്മയ ലോകത്ത് കൈ പിടിച്ചുയർത്താനാണ് സെന്റ് ജോസഫ് ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഇത് സമർപ്പിക്കുന്നത്. വിദ്യനേടും തോറും വിനീതരായി മാറാനും സമൂഹത്തിനിണങ്ങുന്ന വിധത്തിലുള്ള ഒരു ജീവിത രീതിയും സാംസ്കാരികമായ ഉന്നതിയും സ്വായത്തമാക്കാനും, സന്മാർഗിക മൂല്യമുള്ള പുതു തലമുറയുടെ വ്യക്തിത്വങ്ങളായി പരിണമിക്കാനും സമൂഹത്തിൽ വന്നു ചേരുന്ന മൂല്യച്യുതിക്കു നേരെ ആരോഗ്യ പരമായ രീതിയിൽ പ്രതികരിക്കാനുള്ള ആർജ്ജവം ഓരോരുത്തർക്കും നേടാൻ കഴിയുമാറാകട്ടെ...

എന്നാഗ്രഹിച്ചുകൊണ്ട്

ലിറ്റിൽ കൈറ്റ്സ്. ഐ. ടി കൂട്ടായ്മ





വായനക്കളരി

വേലൂപ്പാടം സെന്റ് ജോസഫ്സ് എച്ച്എസ്എസ്

വേലൂപ്പാടം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മലയാള മനോരമ വായനക്കളരി വരന്തരപ്പിള്ളി ലിവിയ ടെക്സ്റ്റൈൽസ് ഉടമ നിക്സൺ പള്ളിപ്പാടൻ പ്രധാനാധ്യാപിക റെയ്സൽ പോളിന് മനോരമ പത്രം കൈമാറി ഉദ്ഘാടനം നിർവഹിക്കുന്നു. സ്റ്റാഫ് സെക്രട്ടറി കെ.ജെ. തോമസ്, സ്കൂൾ മാനേജർ ഫാ. പോൾസൺ തട്ടിൽ, പിടിഎ പ്രസിഡന്റ് ബെന്നി മാനുവൽ, അധ്യാപകൻ ടി.ടി.ബെന്നി എന്നിവർ സമീപം. വരന്തരപ്പിള്ളിയിലെ ലിവിയ ടെക്സ്റ്റൈൽസ് ഉടമ നിക്സൺ പള്ളിപ്പാടനാണ് സ്കൂളിലേക്ക് പത്രം സംഭാവന ചെയ്തത്.



# അച്ഛനുണ്ടായിരുന്നെങ്കിൽ

ട്ണിം.....ട്ണിം......അപ്പുണ്ണിച്ചേട്ടൻ നീട്ടി ബെല്ലടിച്ചു. കുട്ടികൾ പിറുപിറുത്തു കൊണ്ട് ക്ലാസുകളിൽ കയറാൻ തുടങ്ങി. ദന്യ ടീച്ചർ കടന്നുവന്നു പറഞ്ഞു: ഇന്ന് എല്ലാവരുടെയും അച്ഛന്മാർ വരില്ലേ ? കുട്ടികൾ ഒന്നടക്കം മൂളി. ഇന്റർവെൽ കഴിഞ്ഞ് കുട്ടികൾ ക്ലാസിലേക്ക് കയറുമ്പോൾ ചിലരുടെകൂടെ അച്ഛന്മാരുമുണ്ട്. അമ്മൂന്റേം, ആയിശന്റേം, ജോണിന്റേം, ഐറിന്റേയുമെല്ലാം അച്ഛന്മാർ വന്ന് തുടങ്ങി. അമ്മ വന്ന് പിറകിൽ തട്ടിയപ്പോൾ ദിയ തിരിഞ്ഞ് നോക്കി. എന്താ മോളേ വല്ലാണ്ടിരിക്കുന്നേ..... ഒന്നുമില്ലമ്മേ...ഒരു തലവേദന. മോളേ മീറ്റിംങ് തുടങ്ങാറായോ ? ഇല്ലമ്മേ....ഇനിയും സമയമുണ്ട്. ദിയ ടീച്ചർ പറഞ്ഞതിനെ കുറിച്ച് ഓർത്തു. ഇന്ന് മീറ്റിംങാണ്. കുട്ടികളെ വിലയിരുത്തേണ്ടത് ടീച്ചറുടെ കടമയാണ്.അതിനായി എല്ലാവരും മാതാപിതാക്കളെ കൊണ്ടുവരേണ്ടതാണ്...ടീച്ചർ...പപ്പയെ കൊണ്ടുവന്നാൽ മതിയോ...ജോൺ ചോദിച്ചു.ഞാൻ വാപ്പച്ചിയെ കൊണ്ട് വരും ആയിശ പറഞ്ഞു.എല്ലാവരും പരസ്പരം പറഞ്ഞും ചിരിച്ചും നിന്നു എന്നാൽ ദിയ ഒന്നും മിണ്ടാതെ തന്റെ സീറ്റിലിരിക്കുകയാണ്. അവൾ അന്നത് അമ്മയോട് പറഞ്ഞപ്പോൾ അമ്മ ഒന്നും മിണ്ടാതെമൂളുകയായിരുന്നു. ഇന്നിപ്പോൾ അമ്മ വന്നിരിക്കുന്നു. ദിയ എന്തോ ശബ്ദം കേട്ട് തിരിഞ്ഞു നോക്കുമ്പോൾ തന്റെ പപ്പ വന്നത് പോലെ അവൾക്ക് തോന്നി. അമ്മയോട് തിരിഞ്ഞ് അവൾ പറഞ്ഞു. അമ്മേ.....പപ്പ ദേ വന്നിരിക്കുന്നു. മോളെ അത് മോളുടെ പപ്പയല്ല.മോൾക്ക് തോന്നിയതാ. അമ്മ പറഞ്ഞത് കേട്ടപ്പോൾ ദിയ ഒന്നും മിണ്ടിയില്ല. ഒരു കുഞ്ഞു വാവയെ പോലെ

അമ്മയുടെ മടിയിലേക്ക് ചാഞ്ഞു. പണ്ട് തനിക്ക് തലചായ്ക്കാൻ പപ്പ ഉണ്ടായിരുന്നു. സങ്കടം വരുമ്പോൾ സമാധാനിപ്പിക്കാനും തന്നെ ലാളിക്കാനും പൂരം വരുമ്പോൾ ആനയെ കാണിക്കാൻ പെരുന്നാളിലെ അമ്പും റംസാനിൽ പരസ്പരം വാരി പുണർന്ന് സന്തോഷം പങ്കുവെക്കുന്നതും കവലയിലിരുന്ന് നാട് മുതൽ രാജ്യാന്തരം വരെ ചർച്ച ചെയ്യുന്ന ഒരു കൂട്ടം, വിവിധ ജാതിക്കാരാണെങ്കിലും പരസ്പരം കളിച്ച് നടക്കുന്നവർ എന്തെല്ലാം പറഞ്ഞ് തന്നിരിക്കുന്നു. എന്തെല്ലാം പപ്പ തനിക്ക് കാണിച്ച് തന്നിരിക്കുന്നു. ഇന്ന് എനിക്ക് അതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. പപ്പയുണ്ടായിരുന്നപ്പോൾ ഒരു ധൈര്യമായിരുന്നു. ആരെന്ത് പറഞ്ഞാലും എന്റെ കൂടെ എന്റെ പപ്പയുണ്ടല്ലോ. പപ്പയുള്ളപ്പോൾ ഞാനെന്തിന് ഭയപ്പെടണം. എന്നാൽ ഇന്ന് ഞാൻ കാരണം തന്നെ  എനിക്ക് എന്റെ പപ്പയെ നഷ്ടപ്പെട്ടത്. അന്നത്തെ ആ ദിവസം മനസ്സിൽ മായാതെ നിന്നു. പപ്പ ജോലി കഴിഞ്ഞ് വന്നപ്പോൾ താൻ എറയത്ത് ഇരിക്കുകയാണ്. പപ്പ വന്നതും ഞാൻ ഓടിച്ചെന്ന് പറഞ്ഞു. പപ്പാ...പപ്പാ......എനിക്ക് ഒരു പപ്പിക്കുഞ്ഞിനെ വേണം. നിനക്കെന്തിനാ മോളേ ഇപ്പോൾ അതിനെ ? അവയ്ക്ക് ഭക്ഷണം കൊടുക്കാനും വളർത്താനും നല്ല പാടാണ്. പറ്റില്ല പപ്പാ എനിക്കും വേണം ഒരു പപ്പിക്കുഞ്ഞിനെ. ജോണിനും ഏഞ്ചലിനും പപ്പിക്കുഞ്ഞുണ്ട്, എനിക്കും വേണം പപ്പാ..... അന്ന് രാത്രിവരെ പപ്പ എന്നെ പരമാവധി പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. എന്നാൽ അവസാനം എന്റെ നിർബന്ധത്തിന് വഴങ്ങേണ്ടിവന്നു. ആ രാത്രിയിൽ പപ്പ ബൈക്കിൽ കയറി എങ്ങോട്ടോ പോയി. അമ്മ പറഞ്ഞതൊന്നും കേൾക്കാതെ ഞാൻ റൂമിലേക്ക് പോയി. പെട്ടെന്ന് ഫോൺ ബെല്ലടിച്ചെങ്കിലും ഞാൻ എടുത്തില്ല. പതിയെ ഉറക്കത്തിലേക്ക് പോയ ഞാൻ രാവിലെ അമ്മയുടെ കരച്ചിൽ കേട്ടാണ് ഉണർന്നത്.ഹാളിൽ എത്തിയ ഞാൻ ഞെട്ടിക്കുന്ന കാഴ്ചയാണ്

കണ്ടത്. വെള്ളയിൽ പുതപ്പിച്ച് കിടത്തിയിരിക്കുന്ന എന്റെ പപ്പയെ. ഒരു വാക്കുപോലും ഉരുവിടാൻ കഴിയാതെ ഞാൻ നിന്നു. പപ്പയുടെ ശവസംസ്കാരമെല്ലാം കഴിഞ്ഞ് ആളുകൾ പോകാൻ തുടങ്ങിയപ്പോൾ ,ആരോ പറയുന്നത് ഞാൻ കേട്ടു, കഴിഞ്ഞ രാത്രി മോൾക്ക് പപ്പിക്കുഞ്ഞിനെ വാങ്ങാൻ പോയതാ.. തിരിച്ച് എത്താൻ വൈകിയപ്പോൾ സ്പീഡ് കൂട്ടിപ്പോന്നു. മഴയത്ത് പട്ടിക്കുഞ്ഞിനെയും കൊണ്ട് വരുന്നവഴിയിൽ ഏതോ ഒരു വളവിൽ ഒരു വണ്ടിയുടെ ലൈറ്റ് കണ്ണിലടിച്ചു. പിന്നെ ഒന്നും കാണാതായിട്ടാന്നാ തോന്നുന്നെ, മഴയും ഉള്ളതല്ലെ, വണ്ടി പോയി മതിലിലും അയാൾ വണ്ടിയിൽ നിന്ന് തെറിച്ച് തല പോസ്റ്റിലും പോയി ഇടിച്ചു. രാവിലെ ആകാൻ നേരത്ത് ആരോ കണ്ട വിവരം കേട്ടതും ഞാൻ ഓടുകയായിരുന്നു ഞാൻ കാരണം എനിക്ക് നഷ്ടപ്പെട്ട എന്റെ പപ്പയുടെ അപകടം നടന്ന സ്ഥലത്തേക്ക്........അവിടെ കുറച്ചകലെയായി പുല്ലുകൾക്കിടയിൽ നിന്ന് ഒരു ശബ്ദം കേട്ട് ഞാൻ തിരിഞ്ഞതും എന്റെ അടുക്കലേക്കായി വന്നത് പപ്പ എനിക്ക് വേണ്ടി വാങ്ങിയ ആ പപ്പിയാണ്. നനഞ്ഞ് കുതിർന്ന അവന്റെ ശരീരം തണുപ്പ് കൊണ്ട് വിറക്കുന്നുണ്ടായിരുന്നു....അന്ന് ഞാൻ അറിയാതെ ചോദിച്ചു പോയിരുന്നു......എന്തിനാ എന്റെ പപ്പയെ മരണത്തിന് നൽകിയതെന്ന്.....അതിന് മറുപടിയെന്നോണം എന്റെ കണ്ണിൽ പെട്ടത് പപ്പയുടെ ഫോണായിരുന്നു.... പപ്പ ഇന്നലെ രാത്രി ഫോൺ വിളിച്ചത് എന്തിനായിരിക്കും ? അവൾ പപ്പയുടെ ഫോൺ നോക്കിയപ്പോൾ അതിൽ കണ്ട മെസ്സേജ് അറിയാതെ കരയിപ്പിച്ചുപോയി "മോളേ.......... പപ്പയുടെ വണ്ടി തട്ടിയിരിക്കുന്നു....... മോളേ പപ്പക്ക് വയ്യാ....... മോള് വന്ന്പപ്പികുഞ്ഞിനെ കൊണ്ട് പോ.......... അതിന് എന്തോ പറ്റിയിട്ടുണ്ട്.....”പപ്പ തന്നെ സ്നേഹിക്കുന്നത് എത്രത്തോളം ആണെന്ന് അവൾ മനസ്സിലാക്കി.മോളേ.... അമ്മയുടെ വിളി കേട്ട്

അവൾ ഉണർന്നു.തന്റെ പപ്പയില്ലാത്ത ഈ ലോകത്ത് അമ്മയും പപ്പിയുമായി അവൾ കഴിയുന്നു. പപ്പ തന്ന സ്നേഹത്തിന്റെ ഓർമ്മയിൽ.പലപ്പോഴും അവൾ കരഞ്ഞ് പറയാറുണ്ട് "എന്റെ അച്ഛനുണ്ടായിരുന്നെങ്കിൽ" എന്ന് ഇന്നും ദിയ കരഞ്ഞു. പിൻ ബെഞ്ചിലിരുന്ന് ആരുടേയോ അച്ഛൻ അറിയാതെ ദിയാ.....,നിന്റെ അച്ഛൻ എവിടെ എന്ന് ചോദിച്ചപ്പോൾ .....അതിനെല്ലാം അവൾ മറുപടി പറഞ്ഞത് കണ്ണീര് കൊണ്ടും മനസ്സുകൊണ്ടുമാണ്.....ഞാൻ കാരണമാ ........

എന്റെ അച്ഛനെ എനിക്ക് നഷ്ടപ്പെട്ടത്......എന്റെ അച്ഛനുണ്ടായിരുന്നെങ്കിൽ...............

## भूल गया है क्यों इनसान

भूल गया है क्यों इनसान ।

सबकी है मिट्टी की काया ,

सबपर नभ की निर्मल छाया ,

यहाँ नहीं कोई आया है ,ले विशेष वरदान ।

भुल गया है क्यों इनसान ।

धरती ने मानव उपजाये,

मानव ने ही देश बनाये,

बहु–देशों में बसी हुई है,एक धरा–संतान।

भुल गया है क्यों इनसान।

देश अलग है,देश अलग हों,

वेश अलग है,वेश अलग हों,

मानव का मानव से लेकिन,अलग न अंतर–प्राण ।

भूल गया है क्यों इनसान।

## ഗണിത ക്വിസ്

1. നെഗറ്റീവ് സംഖ്യകൾ കണ്ടുപിടിച്ചത് ഏത് രാജ്യമാണ് ?
2. പൂജ്യമില്ലാത്ത സംഖ്യാ സമ്പ്രദായം ഏതാണ്?
3. ഒരു മീറ്റർ എത്ര അടിയാണ് ?
4. ഒച്ചിന്റെ ആകൃതിയിലുള്ള വക്രമം ഏതാണ് ?
5. ത്രികോണനിർമിതിയുടെ പിതാവ് ?
6. ഏറ്റവും ചെറിയ അഭാജ്യ സംഖ്യ ?
7. ഇന്ത്യൻ ഗണിത ശാസ്ത്രത്തിന്റെ രാജകുമാരൻ ആര് ?
8. മഹാ ഭാസ്കരീയത്തിന് വ്യാഖ്യാനം നൽകിയ കേരളീയ ഗണിത ശാസ്ത്രജ്ഞൻ ?
9. സംഖ്യകൾക്കുള്ള പേരുകൾ സൂചിപ്പിക്കുന്ന

ലോകത്തിലെ ആദ്യ ഗ്രന്ഥം ?
10. ഒരു റീം എത്ര പേപ്പർ ഷീറ്റുകളാണ് ?

ഉത്തരങ്ങൾ
1. ഇന്ത്യയിൽ
2. റോമൻ
3. 3.28 അടി
4. ലിമക്കൺ
5. ഹിപ്പാർക്കസ്
6. 2
7. ശ്രീനിവാസ രാമാനുജൻ
8. ഗോവിന്ദ സ്വാമി
9. ഋഗ്വേദം
10. 500

# ഒരോർമ്മ

*കാല വർഷത്തിന്റെയാ ഭീകര ദൃശ്യങ്ങൾ,*
*സ്വാതന്ത്ര്യ ദിനാഘോഷയോർമ്മയിൽ,*
*മയങ്ങിയുറങ്ങിയാ നിദ്രയിൽ,*
*കണ്ണുതുറന്നപ്പോൾ കണ്ടതോ?*
*ഹൃദയം തകർത്തെറിയുന്നൊരാ കാഴ്ച.*
*പ്രളയത്തിൽ മുങ്ങിയെൻ വീട്ടിൽ,*
*ചിതറിക്കിടക്കുന്ന സാമഗ്രികൾ,*
*ഒഴുകിതിമിർക്കുന്നൊരുവെള്ളത്തിലെന്തു -*
*ചെയ്യണമെന്നറിയാതെ വീട്ടുകാർ,*
*കുഞ്ഞനുജത്തിയെ തോളിലുമേറ്റി..*
*മുന്നാലെ നടന്നുവെൻ ജേഷ്ഠൻ,*
*കൈപിടിച്ചു കണ്ണീർ തുടച്ചു..*
*സ്നേഹത്താൽ വാരിപ്പുണർന്നെൻ പിതാവ്,*

സ്നേഹവും ലാളനയുമേറ്റുവാങ്ങിയ -
അമ്മതൻ കൈകൾ ചുടുനിശ്വാസമായ്,
എങ്ങുപോകുമെന്നറിയാത്ത രാത്രിയിൽ,
അന്തിച്ചുപോയൊരാ നിമിഷങ്ങൾ,
രക്ഷകരായ് വന്ന ബന്ധത്തനറവകൾ,
അലിവിൻസ്നേഹമായ് മനംകവർന്നു...
അതിരുകളില്ലാത്ത ലോകത്തിൻ,
ചിന്തകൾ പോൽ ഒഴുകുന്ന തിരകളായ്-
മരണമാരുതൻ ചുറ്റി പറക്കുമീ....
കപടലോകത്തെ നീക്കുവാൻ വന്നതോ?
കണ്ണീർ ചുവപ്പിച്ച തിരയിളക്കങ്ങളിൽ ,
ശലഭസംഗീതം കുരുക്കുന്ന പൊയ്കയിലും
രക്തപുഷ്പങ്ങളായി വിരിയുന്നുവോ....?

$$$$$$$$$$$$$$$$$$$$

# ഒരു നിമിഷം

റോഡുകളിലൂടെ ചീറിപ്പായുന്ന വാഹനങ്ങളുടെ ശബ്ദം കേട്ടാണ് അവൾ ഉണരുന്നത്. ചെടപിടിച്ച ചെമ്പൻമുടികൾ നീണ്ടു വളർന്നുവന്ന നഖങ്ങൾ കൊണ്ട് മാറ്റുമ്പോൾ അറിയാതെ അവളുടെ നെറ്റിയിൽ ഒരു ചെറു മുറിവ് വീണു. ളുക്ക് സഞ്ചിയെടുത്ത് തോളിലിട്ട് എഴുന്നേക്കാൻ അവൾ ശ്രമിച്ചു . എന്തൊക്കെയോ തടസങ്ങൾ കാലുകൾ അവശമായി .തൊണ്ടയിൽ

വെള്ളം വറ്റാറായി. കൈയ്യുകൾക്ക് ചലിക്കാൻ സ്വാധീനമില്ലാതായപ്പോലെ . അവൾ അവിടെ തന്നെ ഇരുന്നു. ഒരുപാട് ഓർമകൾ അവളുടെ മനസ്സിൽ മിന്നിമറഞ്ഞു. "നെൽവയലുകൾക്ക് നടുവിലുള്ള ഒരു വീട്. ശാന്തസുന്ദരമായ ഗൃഹാന്തരീക്ഷം. അവിടെ ഒരു മകൾ പിറന്നു. രണ്ടാങ്ങളമാർക്കുള്ള ഒരൊറ്റ പെങ്ങൾ 'പൗർണമി 'എന്നവൾക്ക് പേര് നൽകി. ഉദിച്ചുയരുന്ന സൂര്യനാളങ്ങൾ പോലെ അവളുടെ കണ്ണുകൾ വിടർന്നു. താഴെ വച്ചാൽ ഉറുമ്പരിക്കും തലേവച്ചാൽ പേനരിക്കും എന്നരീതിയിൽ അവർ അവളെ വളർത്തി. നല്ലൊരു യുവാവിനെ അവൾക്ക് വിവാഹം ചെയ്തു കൊടുത്തു." അവൾ ഓർമക്കിടയിൽ നിന്ന് പെട്ടന്നനെ എഴുന്നേറ്റു. തലയാകെ മാന്തി. തന്റെ ളുക്ക് സഞ്ചി അവൾ ചുറ്റും നോക്കി അത് തന്റെ തോളിൽ തന്നെ കിടക്കുന്നതവളറിഞ്ഞു. അവളെ ഓർമകൾ അതിൽ നിന്നു പിന്തിരിപ്പിച്ചു. വീണ്ടും അവൾ ആലോചനയിലാണ്ടു. "എത്ര സുന്ദരമായ ജീവിതമായിരുന്നു അത്. എത്ര സൗഭാഗ്യം അനുഭവിച്ചിരുന്ന താൻ ഒന്നുമില്ലാത്ത ഒരു യാജകയായി മാറിയത് ഒരൊറ്റ നിമിഷം കൊണ്ടാണ് അവൾ വെറുപ്പോടെ അതോർത്തു. എത്രയോ സന്തോഷമായ ജീവിതം. താലോലം പാടിയുറക്കിയ തന്റെ പൊന്നോമന മകൾ ദൃശ്യ. എത്ര സുന്ദരമായിരുന്നു ആ നിമിഷങ്ങളെല്ലാം. ഒരു മിസ്സ്ഡ് കോളിൽ പരിചയപ്പെട്ട യുവാവുമായി പിന്നീടുള്ള ബന്ധവും തന്റെ മകളെയും ഭർത്താവിനെയും ഉപേക്ഷിച്ചിറങ്ങിയ നിമിഷവും.............എല്ലാം മറക്കാൻ ശ്രമിക്കുമ്പോഴും.............എവിടെയോ ബാക്കി വച്ച സ്നേഹവും സാന്ത്വനവും വീണ്ടും നേടാൻ കൊതിക്കുന്ന പോലെ ".

ഒരു നാണയം വീഴുന്ന ശബ്ദം കേട്ടവൾ കൺതുറന്ന് നോക്കി. അഞ്ച് രൂപയുടെ തിളങ്ങുന്ന രണ്ട് നാണയം. അവൾ അതെടുത്ത് ളുക്ക് സഞ്ചിയിൽ ഇടുമ്പോൾ അവളൊരു ദൃശ്യം കണ്ടു. താൻ എവിടെയോ ഇട്ടെറിഞ്ഞു പോയ രണ്ടര വയസ്സുള്ള തന്റെ പൊന്നു മകൾ ദൃശ്യയെ പോലെ കുപ്പിവളകൾ കയ്യിലണിഞ്ഞ ഒരു പെൺ കുട്ടി. താൻ അവൾക്കു വാങ്ങി കൊടുത്ത ചുവന്ന കുപ്പിവളകൾ അതു പോലെ ഒരു പെൺ കുട്ടി. തന്റെ തൊട്ടരികെ അറിയാതെ ആ ചുവന്ന കുപ്പിവളകളിട്ട കുഞ്ഞി  കൈകളിൽ അവൾ അറിയാതെ പിടിച്ചു. ആ കുഞ്ഞിന്റെ അരികിൽ നിന്നിരുന്ന യുവതി എന്തൊക്കയോ പറഞ്ഞ് നിലവിളിക്കുന്നത് അവൾ കേട്ടു. "ഈ യുവതി എന്തിനാണ് നിലവിളിക്കുന്നത് " അവൾ അറിയാതെ മനസ്സിലാലോചിച്ചു. അവളാ കുട്ടിയിൽ നിന്ന് കൈയെടുത്തു. അപ്പോഴേക്കും ഒരുപാട് ജനം അവിടെ തടിച്ചു കൂടിയിരുന്നു. ക്യാമറ കണ്ണുകൾ അവൾക്കു നേരെ തിരിഞ്ഞു. കൂട്ടത്തിലെവിടെ നിന്നോ കാക്കിയിട്ട ഒരുത്തൻ കൈകളിൽ വിലങ്ങിട്ട് പറഞ്ഞു :'യു ആർ അൺഡർ അറസ്റ്റ്

*****************

# THE GOLDEN RIVER

*Like an unbeaten soldier it boasts*
*with its ever-rippling waters*
*upon the treasurable moments*
*Of victorious love*

*That we cherished together*
*On these banks of everlasting shadows.*
*The sweety sweats of my memorable past*
*Nourished these wety sands.*
*The darkish shades of leafy trees*
*Hid my love from peeping rays*
*The smoothy surface of the silver stone*
*Shared the warmth of my beloved*
*The chirpings of the unknown birds*
*Played music to our whisperings*
*The scenty breeze from flowery gardens*
*Carried our breathings to heaven*
*The coolest touch of restless water*
*Felt the warmth of our footsteps*
*Oh! the faithful friend of fearless love*
*Sprinkle your golden water*
*Upon the untouched multitudes*
*To nourish them with blissful love*

########


global warming
tree is the answer


AJINAS

# മായാത്ത മുദ്രകൾ

ഓഗസ്റ്റ് 15 കൊടിത്തോരണങ്ങൾ അങ്ങുമിങ്ങുമുയർത്താനുള്ള തത്രപ്പാടിലാണ് ഏവരും.മധുരപലഹാരങ്ങൾ സഞ്ചിയിലും പെട്ടിയിലുമായി കരുതിയിട്ടുണ്ട്.ധീരമൃത്യു വരിച്ച മഹാത്മാരുടെ പേരുകളും കഥകളും അവർ വഹിച്ച പങ്കും പ്രസംഗത്തിൽ ഉൾക്കൊള്ളിക്കാനായി അയാൾ കടലാസ് തുണ്ടിൽ എഴുതിവച്ചു. ഈ ആഹ്ലാദതിമിർപ്പിനിടയിലും അന്തരീക്ഷത്തിൽ പെട്ടെന്ന് മുവാണ്ടൻ മാവിന്റെ താളത്തിനൊത്തല്ലാത്ത രീതിയിൽ ആടിയുലയാൻ തുടങ്ങി: മാനം കറുത്തിരുണ്ടു.കോരിച്ചൊരിയുന്ന മഴ.മഴയെ നോക്കി നിന്നപ്പോൾ അത് ചിരിക്കുകയാണോ കരയുകയാണോ അതോ പരിഹസിക്കുകയാണോ എന്നയാൾക്ക് തോന്നി.ആ മഴയത്തും അയാളിന്നലെ കടൽതീരത്ത് കണ്ട വൃദ്ധയുടെ മുഖം തെളിയുകയാണ്.അവരുടെ കരച്ചിലായിരിക്കുമോ ഈ മഴ.അയാളാ ദൃശ്യം പിന്നെയും ഓർത്തെടുത്തു.

തൊട്ടകലെ പഞ്ചാരമണലിൽ കാലും നീട്ടിയിരിക്കുന്ന ആ വൃദ്ധയെ അയാൾ വെറുതെ ശ്രദ്ധിക്കുയായിരുന്നു.മണൽ തരികളിലേക്ക് കല്ലെറിഞ്ഞ് അവർ എന്തൊക്കെയോ മന്ത്രിക്കുന്നുണ്ട്.കുട്ടികളുടെ കളിയും ചിരിയും മുഴങ്ങുന്നു.കൊണ്ടുവന്ന ഭക്ഷണ വിഭവങ്ങൾ വട്ടം കൂടിയിരുന്നു ആളുകൾ തിന്നു രസിക്കുന്ന ചുറ്റുപാടിൽ ഏകാകിനിയായൊരു വൃദ്ധ.ആരെങ്കിലും ചുറ്റുവട്ടങ്ങളിൽ ഉണ്ടായിരിക്കുമായിരിക്കും.അയാൾ സ്വയം പറഞ്ഞു.മണിക്കൂറുകൾ കടന്നു പോയി.സൂര്യൻ അസ്തമയത്തിന് ധൃതി കൂട്ടുകയാണ്.തന്റെ സാധനങ്ങൾ പെറുക്കിക്കൂട്ടുന്നതിനിടയിൽ ഒരിക്കൽ കൂടി അയാൾ അങ്ങോട്ട് തിരിഞ്ഞ് നോക്കി.അപ്പോഴും ആ വൃദ്ധ മാത്രം തനിച്ച്.നേരം ഇരുട്ടാനാകുമ്പോഴും കടൽക്കരയിൽ നിന്ന് ആളുകൾ ഒഴിയാൻ തുടങ്ങുമ്പോഴും അരികത്താരുമില്ലാതെ...........
ഇതെന്താ ഇങ്ങനെ ഒറ്റക്ക്.........വീട്ടിൽ പോകണ്ടെയ? അമ്മയോടൊപ്പം ആരുമില്ലെയ? അയാൾ അടുത്ത് ചെന്ന് ചോദിച്ചു.

ഇന്റെ മോൻ പ്പൊ വരും....ഓൻ ഒടനെ വരാന്ന് പറഞ്ഞിട്ടാ പോയേ.""നേരം ഇരുട്ടിത്തുടങ്ങി...ആളുകളെല്ലാം പോകുന്നത് കണ്ടില്ലേ ?

*അമ്മ മാത്രം ഇവിടെ തനിച്ചിരുന്നാൽ.....?*

" സാരല്ല, ഓൻ വരും...ഇന്നോടോരു വാക്ക് പറഞ്ഞാതെറ്റൂല..മോൻ പോയ്ക്കോ.."

എന്തു ചെയ്യും? വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോവാൻ ഇനിയുമെത്താത്ത മകന് വേണ്ടി ആ വൃദ്ധയെ അവിടെത്തന്നെ വിട്ടേച്ച് പോകണോ, അതോ.? അയാൾ ആശങ്കയിലായി.

"അമ്മ ..., അമ്മയെ ഞാൻ വീട്ടിൽ കോണ്ടാക്കാം. മോൻ വരാൻ ഇനിയും താമസിച്ചാലോ?അവൻ വല്ല പണിത്തിരക്കിലുമാകും. അമ്മയുടെ വീടെവിടെയാണ്?"

"ഇന്റെ വീട് കാറിൽ കേറിപ്പോയിട്ട് അവിടെ...ആ 2 നില ബംഗ്ലാവാണ്. ഇന്റെ മോൻ ഇപ്പോ വരും കുട്ട്യേ...

ആ കണ്ണുകളിൽ അപ്പഴും പ്രതീക്ഷയുടെ തിളക്കം!

ഓൻ ഇന്റെ കയ്യിൽ ഈ കടലാസ് തന്നിട്ടാ പോയിരിക്കണേ .....

അവൻ വേഗം വരാതിരിക്കൂലാ.....

തന്റെ കയ്യിലുണ്ടായിരുന്ന കടലാസ് കഷ്ണം അവരയാൾക്കു കാണിച്ചു കൊടുത്തു. അയാളതു വാങ്ങി വായിച്ചു. ആകാശത്തിൽ അവശേഷിക്കുന്ന സൂര്യത്തുടിപ്പ് പൊടുന്നനെ മാഞ്ഞതു പോലെ !ആ കടലാസു കഷണത്തിലെ അക്ഷരങ്ങളിൽ നിന്നും നിറ്റന്ന കരിമുക അയാളുടെ കണ്ണുകളിൽ പടർന്നു കയറി.

ആ വൃദ്ധ നിഷ്കളങ്കതയുടെ,നിർമല സ്നേഹത്തിന്റെ നിറകുടം അയാളിലേക്ക് ആകാംക്ഷയോടെ നോക്കി.

" ന്തേ അതില് എയ്തിരിക്ക്ണ്...? അതെ എന്താണ് ഇതിൽ എയ്തിരിക്ക്ണ് .....?

സുഹൃത്തെ , എനിക്കു ഇതിനെ മടുത്തിരിക്കുന്നു...ശല്യം നിങ്ങൾക്ക് കഴിയുമെങ്കിൽ ഇതിനെ വല്ല വൃദ്ധസദനത്തിലും കൊണ്ടാക്കുക. എന്ന വിട മഷി കൊണ്ടെഴുതിയ വരികൾ അവരെ ഞാൻ വായിച്ചു കേൾ

പ്പിക്കണൊ? അതൊ...?

*തനിക്കു പോറ്റാനാവില്ലെങ്കിൽ വേണ്ട , സ്വന്തം അമ്മയെ മറ്റേതെങ്കിലും പോറ്റു ഭവനത്തിൽ കൊണ്ടാക്കാനെങ്കിലും മനസ്സു വരാത്ത ഒരു മകൻ നമുക്കിടയിൽ മനുഷ്യനായി ജീവിക്കുന്നുവെന്നൊ?കഷ്ടം!!! അയാൾ നെടുവീർപ്പിട്ടു.*

"എന്തേയ്....?

ഒന്നുല്ല്യ, ഉമ്മ എഴുന്നേൽക്ക്. ഇതിലെല്ലാം എഴുതിയിട്ടുണ്ട്...ബാക്കിയെല്ലാം ഞാൻ നോക്കിക്കോളാം...

ആ വൃദ്ധയുടെ വിലക്കിന് കാത്തു നിൽക്കാതെ അയാൾ അവരുടെ കൈ പിടിച്ചു., വൃദ്ധസദനത്തിലെ തന്റെ കയ്യിൽ അവശേഷിച്ചിരുന്ന അവസാനത്തെ ചരൽക്കല്ല് നീട്ടിയെറിഞ്ഞോണ്ട് ആ വൃദ്ധ എഴുന്നേറ്റു. ആരുടെ ഹൃദയത്തിൽ തട്ടിയിട്ടുണ്ടാവണം ആ അവസാനത്തെ കല്ല്,.

വെള്ളം കയറി കയറി കാൽമുട്ട് വരെ എത്തിയത് അപ്പോഴും അയാൾ അറിഞ്ഞില്ല. പെട്ടെന്ന് തന്നെ ഒരു ഇടിമിന്നൽ! ആ ശബ്ദം അയാളുടെ കാതിൽ ചെന്നു പതിച്ചു. അയാളത ന്നും കാര്യമാക്കാതെ ദൈവത്തിന്റെ കോപത്തിൽ നിരപരാധികളും ഉൾപ്പെടുമെന്ന് സമാശ്വാസിച്ചുകൊണ്ട് ആ ദേശീയ പതാകയും കൊണ്ട് നടന്നു നീങ്ങി. അപ്പോഴാണയാൾ ആ വാർത്ത കേട്ടത്, ഇപ്പോഴുണ്ടായ ഒരു ഉരുൾ പൊട്ടലിൽ ആ വൃദ്ധയുടെ മകന്റെ വീട് നിലം പ ത്തിയിരിക്കുന്നു. ഗുരുതരമായ പരുക്കുകളോടെ മകനെ ആംബുലൻസിൽ കയറ്റി ആശുപത്രിയിലേക്ക് ക ണ്ടു പോവുകയാണ്. അപ്പോൾ ഞാൻ ചിന്തിച്ചുപോയി. ആ വൃദ്ധയെറിഞ്ഞ ആ ചരൽക്കല്ല് തട്ടിയിട്ടായിരിക്കുമോ...ആ ഇരു നില ബംഗ്ലാവ് വീണത്..? ചിന്തിക്കുന്നതിനിടയിലും നടന്നു നീങ്ങിയ വഴിയിൽ ഒരു ഉയർന്ന പ്രദേശത്ത്ആ ദേശീയ പതാക അയാൾ ഉയർത്തി .

# Real Education

*What is education and what is learning?*

*Though these two seem to be the same,there is a different between them .Education is the process of studying classroom lessons , while learning is acquiring knowledge by practice .A student gets education in the school. An apprentice learns from his senior craftsman. So where does the real education stand?*

*An educated person is well respected. At the same time, an uneducated but experienced, no matter how rich or influential he is,feels inferior the midst of the educated .The best example to this is, some of the politicians in India. To become an M L A or an MP, There is no earmarked qualification.*

*One needs to acquire these two qualities :education and experience. A student of engineering or medicine or law or anything, first, to qualify himself/herself in studies , then pursue relevant career to become a professional . That is way a fresh lawyer or a charted accountant has to work under a concerned senior. There , theory and practical experience merge. The combination of these two is the real education.*

സ്നേഹപൂർവം......

ST JOSEPH H.S.S VELUPADAM

ST.JOSEPH HS
VELUPADAM

little KITEs